അർത്ഥം ഉണ്ടായിട്ടില്ലതായ്കയില്ല. ഖാലിസ്ഥാൻ തീവ്രവാദികൾ ആ ശൈലിക്ക നൽകിയിട്ടുള്ള അർത്ഥം അതാണതാനം.

അവ്യക്തമായ ഈ പ്രമേയത്തിന്റെ വ്യാഖ്യാനമെന്ന നിലയിൽ ഒരു പ്രമേയം 1978 ഒക്ടോബറിൽ ലുധിയാനയിൽ ചേർന്ന അഖിലേന്ത്യാ അകാലി കോൺഫറൻസ് പാസ്സാക്കുകയുണ്ടായി. 'ആനന്ദ്പൂർ സാഹിബ് പ്രമേയത്തിന്റെ വെളിച്ചത്തിൽ' അംഗീകരിക്കപ്പെട്ട ലുധിയാന പ്രമേയം, ഫെഡറൽ തത്ത്വത്തിന് അനുഗുണമായി ഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനർനിർവചിക്കാനാവശ്യപ്പെടുന്നു. അന്നു നിലവിലുണ്ടായിരുന്ന ജനതാഗവണ്മെൻറിനോടുള്ള ഒരഭ്യർത്ഥനയെന്ന നിലയിൽ പാസ്സാക്കപ്പെട്ട ഈ പ്രമേയം സ്വതന്ത്രമായ ഒരു ഖാലിസ്ഥാനവേണ്ടി വാദിക്കുന്നില്ല. മറിച്ച് കേന്ദ്രഭരണപ്രദേശമായ ചണ്ഡീഗഢ് പഞ്ചാബിന് വിട്ടുകൊടുക്കുക, ഹരിയാനയിലും രാജസ്ഥാനിലുമുള്ള പഞ്ചാബിഭാഷാപ്രദേശങ്ങൾ ഗ്രാമ—അടിസ്ഥാനത്തിൽ വേർതിരിച്ച് പഞ്ചാബിൽ ചേർക്കുക, പഞ്ചാബ് അണക്കെട്ടുകളിലെ വെള്ളത്തിന്റെ നിയന്ത്രണം പഞ്ചാബ്ഗവണ്മെൻറിൽ നിക്ഷേപിക്കുക, രബി—ബ്യാസ് നദീജലത്തിലൊരു ഭാഗം ഹരിയാനയ്ക്കും രാജസ്ഥാനും കൊടുക്കുന്നതു സംബന്ധിച്ച് അടിയന്തിരാവസ്ഥക്കാലത്തുണ്ടാക്കിയ തീരുമാനം പുനഃപരിശോധിക്കുക, സൈന്യത്തിൽ സിഖ്കാർക്ക് അന്നുണ്ടായിരുന്ന അനുപാതം നിലനിർത്തുക, ഉത്തരപ്രദേശിലെ തരായി (താഴ്വര) പ്രദേശത്തു് കുടിയേറിപ്പാർത്തിട്ടുള്ള സിഖ്കാരെ ഭൂപരിധി നിയമത്തിൽ നിന്നു് ഒഴിവാക്കുക എന്നീ ആവശ്യങ്ങളാണ് ഇതിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ളതു്. മിതവാദം ആവശ്യമാകുമ്പോൾ ലുധിയാനാ പ്രമേയത്തെയും, ഉഗ്രവാദം ഫലപ്രദമെന്നു തോന്നുമ്പോൾ ആനന്ദ്പൂർ സാഹിബ് പ്രമേയത്തെയും ഉദ്ധരിക്കുകയാണ് അകാലി നേതൃത്വം ചെയ്തുവന്നിട്ടുള്ളതു്.

(9 ജനുവരി, 1985)

## 26. 'ഞാൻ തുരങ്കം കാണുന്നുണ്ട്'

മാർച്ച് 14-ാം തീയതി വൈശാഖമാസം ആരംഭിക്കുന്നു. അന്നു് പഞ്ചാബിൽ തങ്ങളുടെ 'ധർമ്മയുദ്ധം' വീണ്ടും ആരംഭിക്കുന്നതാണെന്നു, തടങ്കലിൽനിന്നു മോചിപ്പിക്കപ്പെട്ടശേഷം അകാലിദളിന്റെ നേതാവായ സന്ത്ലോംഗോവാൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ യുദ്ധം അഹിംസാത്മകമായിരിക്കുമെന്നു് അദ്ദേഹം പറയുന്നുണ്ടെങ്കിലും, അഹിംസാത്മകങ്ങളായ ബഹുജനപ്രകടനങ്ങളേക്കാളേറെ, മോട്ടോർസൈക്കിളിൽ പാഞ്ഞുവന്നു് യുവാക്കളായ ഭീകരപ്രവർത്തകർ യന്ത്രത്തോക്കുകൾ ഉപയോഗിച്ചു നടത്തുന്ന വ്യക്തിസംഹാരങ്ങൾ ആയിരിക്കും അതിന്റെ മുഖ്യഘടകങ്ങൾ എന്നു വിശ്വസിക്കുവാനാണ് ഇതുവരെയുള്ള അനുഭവം നമ്മെ പ്രേരിപ്പിക്കുന്നതു്.

ക്ഷോഭിച്ചുയരുന്ന തിരമാലകളുടെ ഭീകരത എണ്ണയൊഴിച്ചു കുറയ്ക്കുവാൻ കപ്പൽക്കാർ ശ്രമിക്കാറുണ്ട്. അകാലികളുടെ ആവശ്യങ്ങൾ പരമാവധി അനുവദിച്ചുകൊടുത്തു്, 'ധർമയുദ്ധം' ആരംഭിക്കുന്നതിൽനിന്നു് അവരെ തടയുകയോ, അതു സാദ്ധ്യമല്ലെങ്കിൽ 'ധർമയുദ്ധ'ത്തെ നിയമവിധേയതയുടെ പരിധിയിൽ ഒതുക്കിനിർത്തുകയോ ചെയ്യാനുള്ള യത്നത്തിലാണ്

ഇപ്പോൾ കേന്ദ്രഗവണ്മെൻറും കോൺഗ്രസ്പാർട്ടിയും മുഴുകിയിരിക്കുന്നത്. തടങ്കലിലായിരുന്ന അകാലി നേതാക്കളിൽ പ്രമുഖരെ കേന്ദ്രസർക്കാർ വിട്ടയച്ചിരിക്കുന്നു. ഭീകരപ്രവർത്തകരുടെ പ്രധാന സംഘടനയായ അഖിലേന്ത്യാ സിഖ്വിദ്യാർത്ഥി ഫെഡറേഷൻെറ മേലുള്ള നിരോധനം നീക്കിയിരിക്കുന്നു. ഇന്ദിരാഗാന്ധിയുടെ ദാരുണമായ വധത്തെത്തുടർന്ന് ഇക്കഴിഞ്ഞ നവംബറിൽ ദില്ലിയിൽ സിഖ്കാർക്കെതിരെ നടന്ന ലഹളകളെക്കുറിച്ച് ഒരു സുപ്രീംകോടതി ജഡ്ജി അന്വേഷണം നടത്തുന്നതാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. ക്രിമിനൽ കേസ്സുകൾ ആരോപിക്കപ്പെടാത്ത പഞ്ചാബ് പ്രക്ഷോഭകാരികളെ മുഴുവൻ തടങ്കലിൽനിന്നു വിട്ടയയ്ക്കുവാനും സർക്കാർ ഒരുങ്ങിയിരിക്കുന്നു. പഞ്ചാബിലെ കർഷകർക്കു മററു സ്റ്റേററുകളിലില്ലാത്ത പല ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. കേന്ദ്രമേഖലയിൽ ചില വലിയ വ്യവസായങ്ങൾ പഞ്ചാബിൽ ആരംഭിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചാബ് പ്രശ്നപരിഹാരത്തിനു നിയോഗിക്കപ്പെട്ട കേന്ദ്രമന്ത്രിസഭയുടെ സബ്കമ്മിററി പഞ്ചാബിൽ പര്യടനം നടത്തിയിരിക്കുന്നു. സർക്കാർ തലത്തിലുള്ള ഈ നടപടികളോടൊപ്പം, കോൺഗ്രസ്സംഘടന പഞ്ചാബിൽ പരക്കെ ഒരു ബഹുജനസമ്പർക്കപരിപാടി നടപ്പിൽവരുത്തിക്കൊണ്ടുമിരിക്കുന്നു.

എങ്കിലും, നിർഭാഗ്യമെന്നു പറയട്ടെ, തീയിൽ എണ്ണ ഒഴിച്ച ഫലമേ ഈ നടപടികളിൽനിന്നു് ഉളവായിട്ടുള്ളു. തടങ്കലിൽനിന്നു വിട്ടയയ്ക്കപ്പെട്ടശേഷം അകാലിദൾ നേതാവായ സന്ത്ലോംഗോവാളും കൂട്ടുകാരും നടത്തുന്ന പ്രസംഗങ്ങൾ ഒന്നിനൊന്നു് ഉഗ്രങ്ങളായിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ എല്ലാ ആവശ്യങ്ങളും (അവ ഏതെല്ലാമെന്നു് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ല.) അനുവദിച്ചുകിട്ടുംവരെ കേന്ദ്രഗവണ്മെൻറുമായി സംസാരിക്കാൻ തങ്ങൾ ഒരുക്കമല്ലെന്ന നിലപാട് അവർ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. പഞ്ചാബ് സന്ദർശിച്ച കേന്ദ്രമന്ത്രിസഭയുടെ സബ്കമ്മിററിയെ അവർ പൂർണമായും ബഹിഷ്കരിക്കുകയാണു ചെയ്തത്. സുവർണക്ഷേത്രത്തിലെ കലാപത്തിൽ മരിച്ച ഭിന്ദ്രൻവാലേയും സിഖ്വിദ്യാർത്ഥി ഫെഡറേഷൻെറ പ്രസിഡണ്ടായിരുന്ന ഭായി അമ്രീക്സിങ്ങും ഹുതാത്മാക്കളെന്ന നിലയിൽ ദിവ്യത നേടിക്കഴിഞ്ഞിരിക്കുന്നു. ഇവരുടെ കുടുംബാംഗങ്ങളുടെ ആശീർവാദം നേടുന്നതിന് അകാലിദളിലെ വ്യത്യസ്ത ഗ്രൂപ്പുകൾ പരസ്പരം മത്സരിക്കുന്നതായി കാണുന്നു. ഇന്ദിരാഗാന്ധിയെ ചതിച്ചു വെടിവെച്ചുകൊന്ന പോലീസ്സുകാരും ദിവ്യപദവിയിലേക്കു് ഉയർത്തപ്പെട്ടിരിക്കുന്നു എന്നതാണു നടുക്കുന്ന ഒരു വസ്തുത. ഘാതകരിൽ ഒരാളായ ബിയന്ത്സിംഹിൻെറ ഭാര്യയായ ശ്രീമതി ബിമൽ ഖൽസയെ 'സരോപ' എന്ന ആദരസൂചകമായ ഉടുപ്പു നൽകി അകാലിദൾ ഈയിടെ ബഹുമാനിച്ചതു് പാർലമെൻറിൽ കഴുത്ത പ്രതിഷേധമായി പ്രതിധ്വനിക്കുകയുണ്ടായി. എന്നാലെന്ത്? തങ്ങൾക്കു് ഈ പ്രതിഷേധമെല്ലാം പുല്ലുവില എന്നതാണ് അകാലികളുടെ നിലപാട്. സുവർണക്ഷേത്രത്തിലെ കലാപത്തിൽ കേടുപററിയ അകാൽ തഖ്ത് കെട്ടിടം പുനരുദ്ധരിച്ച കുററത്തിനു്, അകാലിദളിൻെറ ശമ്പളക്കാരായ പുരോഹിതർ കേന്ദ്രമന്ത്രി ബൂട്ടാസിംഗിനെ മതഭ്രഷ്ടനാക്കിയിരിക്കയാണ്. ഇനിമേൽ മതഭക്തിയുള്ള സിഖ്കാർ ബൂട്ടാസിംഗുമൊത്തു ഭക്ഷണം കഴിക്കുകയോ, അദ്ദേഹത്തിൻെറ കുടുംബവുമായി വൈവാഹികബന്ധത്തിലേർപ്പെടുകയോ ചെയ്താൽ അവരും മതഭ്രഷ്ടരായി ഗണിക്കപ്പെടും. സുവർണക്ഷേത്രകലാപത്തിൽ പങ്കെടുത്ത പട്ടാളക്കാർക്കു മെഡലുകൾ സമ്മാനിച്ച കുററത്തിനു് രാഷ്ട്രപതി ജ്ഞാനി സെയിൽസിംഗിനെയും മതഭ്രഷ്ടനാക്കുവാൻ ആലോചനയുണ്ട്. പട്ടാളവും സ്പെഷ്യൽ പോലീസും പ്രത്യേക കോടതികളും എല്ലാം ഉണ്ടെങ്കിലും, പഞ്ചാബിൽ

ആരെയും എപ്പോൾ വേണമെങ്കിലും ചെന്നു പട്ടാപ്പകൽ വെടിവെച്ചു കൊല്ലാനും, പിടികൊടുക്കാതെ രക്ഷപ്പെടാനുമുള്ള കഴിവു തങ്ങൾക്കുണ്ടെന്നു ഭീകരപ്രവർത്തകർ ശ്രീ മൻചന്ദയുടെ വധത്തിലൂടെ തെളിയിച്ചിരിക്കുകയാണ്. മദ്ധ്യസ്ഥരെന്നോ മിതവാദികളെന്നോ പറയപ്പെടുന്ന സിഖ്കാർപോലും ഇതിനെല്ലാം എതിരെ, ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി, ശബ്ദമുയർത്തുന്നതായി കാണപ്പെടുന്നില്ല. എല്ലാ സിഖ്കാരും ഖാലിസ്ഥാൻവാദികളായിത്തീർന്ന പ്രതീതിയാണ് പഞ്ചാബ് പൊതുവെ ഉളവാക്കുന്നതു്. ഇപ്പോൾ കേന്ദ്രഭരണപ്രദേശമായ ചണ്ഡീഗഢ് പഞ്ചാബിനു വിട്ടുകൊടുക്കണമെന്ന അകാലികളുടെ ആവശ്യം അനുവദിക്കപ്പെടുന്നപക്ഷം, ചണ്ഡീഗഢിൽ ഭയങ്കരമായ രക്തച്ചൊരിച്ചിലും അവിടെനിന്നു വൻതോതിൽ അഭയാർത്ഥിപ്രവാഹവും ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്നു പല നിരീക്ഷകരും ഭയപ്പെടുന്നു.

ഇന്ത്യയ്ക്കു പുറത്തുള്ള ഖാലിസ്ഥാൻ വാദികളായ സിഖ്കാർ അവരുടെ പ്രവർത്തനങ്ങൾക്കു ശക്തി വർദ്ധിപ്പിച്ചുകൊണ്ടുവരികയാണ്. ഏതാനും ദിവസംമുമ്പ് ലണ്ടനിൽ ചേർന്ന അവരുടെ ഒരു യോഗത്തിൽ നാഗാ കലാപകാരിയായ ഫിസോവിനു പുറമെ കാശ്മീർ വിമോചനവാദികൾ, അഫ്ഘാനിസ്ഥാനിലെ കലാപകാർ, വടക്കുകിഴക്കൻ പ്രദേശത്തെ വിഘടനവാദികളായ ഒളിപ്പോരാളികൾ മുതലായവരും പങ്കെടുത്തിരുന്നു. ഇന്ത്യയിലെ മുസ്ലിങ്ങളുടെ പ്രാതിനിധ്യം അവകാശപ്പെടുന്ന ചിലരും ഈ സമ്മേളനത്തിൽ ഉണ്ടായിരുന്നതായാണു പത്രവാർത്ത. ചുരുക്കത്തിൽ, ഖാലിസ്ഥാൻവാദികൾ ആഗ്രഹിക്കുന്നതു് ഒരു സ്വതന്ത്ര സിഖ്രാഷ്ട്രം സ്ഥാപിക്കുക മാത്രമല്ലെന്നും, ഇന്ത്യ എന്ന രാഷ്ട്രത്തിന്റെ പൂർണമായ വിഘടനമാണ് അവരുടെ ലക്ഷ്യമെന്നും, അവരുടെ ലണ്ടൻ സമ്മേളനം സ്പഷ്ടമാക്കിയിരിക്കുന്നു.

ഒരു രാഷ്ട്രമെന്ന നിലയിൽ സ്വതന്ത്രഭാരതം ഏറ്റവും ആപത്കരമായ ഒരു ദശാസന്ധിയിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. പരിതഃസ്ഥിതിയുടെ ഭയാനകത പ്രധാനമന്ത്രി രാജീവ്ഗാന്ധി ശരിക്കു മനസ്സിലാക്കിയതായി തോന്നുന്നുണ്ട്. പഞ്ചാബിൽ 'തുരങ്കത്തിന്റെ അങ്ങേ അറ്റത്തു വെളിച്ചം കണ്ടുതുടങ്ങിയോ? എന്നു ചോദിച്ച 'ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കു് അദ്ദേഹം നൽകിയ ഉത്തരം, 'ഞാൻ തുരങ്കം കാണുന്നുണ്ട്'' എന്നായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിക്കാർ വസ്തുതകളുടെ ഗൗരവം ഇനിയും അറിഞ്ഞതായി തോന്നുന്നില്ല. എല്ലാ വ്യക്തിവൈരാഗ്യങ്ങളും തല്ക്കാലത്തേക്കെങ്കിലും മറന്ന്, പ്രധാന പ്രശ്നത്തിന്റെ പരിഹാരത്തിന് ഏകാഗ്രതയോടെ പ്രവർത്തിക്കുവാൻ അവർക്കു സാധിക്കുന്നില്ല. പ്രതിപക്ഷകക്ഷികളുടെ നിലയും വ്യത്യസ്തമല്ല. ദില്ലിലഹളകളുടെ പിന്നിൽ മൂന്നു 'കോൺഗ്രസ്' നേതാക്കളായിരുന്നു എന്ന വിശ്വാസം പരക്കെയുണ്ട്. ഈ ലഹളകളെപ്പറ്റി സർക്കാർ ഒരു അന്വേഷണം നടത്തിയാൽ ഭരണകക്ഷി 'ആപ്പിൽ' ആവുമല്ലോ എന്ന സന്തോഷമാണു പ്രതിപക്ഷകക്ഷികളുടെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്നതു്! പ്രതിപക്ഷനേതാക്കളിൽ പ്രധാനപ്പെട്ട ചിലർ അകാലി നേതാക്കൾക്കു സ്വകാര്യപിന്തുണ നൽകിവരുന്നതായും വിശ്വസിക്കപ്പെടുന്നു. ഇതിൽ അസംഭവ്യമായി ഒന്നുമില്ല. ഇന്ത്യയുടെ അഖണ്ഡതയിലും ഐക്യത്തിലും തങ്ങൾക്കു് അഗാധമായ താല്പര്യമുള്ളതായി ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുജനങ്ങൾ തെളിയിച്ചിട്ടുണ്ട്; പക്ഷേ, പാർട്ടിനേതാക്കളിൽ ഈ താല്പര്യത്തേക്കാളേറെ ഇപ്പോൾ മുന്നിട്ടുനില്ക്കുന്നതു വ്യക്തിവൈരാഗ്യങ്ങളും സ്വന്തം മഹത്വമോഹങ്ങളുമാണ്. ഇന്ത്യയുടെ കഷ്ടകാലം!

ചുരുക്കത്തിൽ വളരെക്കാലത്തേക്കു രാഷ്ട്രത്തിന്റെ തലവേദനയായി

രിക്കും പഞ്ചാബ്പ്രശ്നം. ക്ഷമയോടും ദീർഘവീക്ഷണത്തോടുംകൂടി ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിൽ ഭരണകക്ഷിയും പ്രതിപക്ഷകക്ഷികളും യോജിച്ചാൽ മാത്രമെ അതിന്റെ രൂക്ഷത അല്പമെങ്കിലും കുറഞ്ഞുകിട്ടുകയുള്ളൂ. ഇന്ത്യയുടെ അഖണ്ഡത എന്ന പ്രശ്നത്തിൽ വിട്ടുവീഴ്ച പാടില്ല. കേന്ദ്രഗവണ്മെന്റിന്റെ ശക്തി അങ്ങേയറ്റം കുറച്ച്, അതിനെ കേവലമൊരു സങ്കല്പത്തിന്റെ നിലയിലേക്കു താഴ്ത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങളെയും ദൃഢതയോടെ ചെറുത്തേ പറ്റൂ. ഇന്ത്യയെന്നതു വെറുമൊരു സാംസ്കാരികസങ്കല്പനം മാത്രമായിരുന്നാൽ പോരാ; ജ്ഞാനശക്തിയും ഇച്ഛാശക്തിയും പ്രയത്നശക്തിയുമുള്ള ഒരു ആധുനികരാഷ്ട്രംകൂടിയായി തുടരണം ഇന്ത്യ. സംഘടിതമായ ഭീകരപ്രവർത്തനങ്ങളെ സർക്കാർ ബലം പ്രയോഗിച്ചും നിഷ്കരുണമായും അമർച്ചചെയ്യണം. അതേസമയം, ഭരണത്തെ തികച്ചും അഴിമതിയിൽനിന്നു വിമുക്തമാക്കുകയും, ജനങ്ങൾക്കു നീതി ഉടനുടൻ ലഭ്യമാക്കുകയും വേണം. സദ്ഭരണമുണ്ടായാൽത്തന്നെ ജനങ്ങൾക്കിടയിലെ അസംതൃപ്തി വലിയ തോതിൽ കെട്ടടങ്ങും. ഭീകരപ്രവർത്തകരോടു പെരുമാറുന്ന അതേ രീതിയിൽ നിഷ്കരുണമായി, സാമ്പത്തിക–സാമൂഹ്യ–കുറ്റവാളികളോടും പെരുമാറാൻ ഭരണകൂടത്തിനു കഴിയണം.

പഞ്ചാബിലെ പ്രശ്നം അടിസ്ഥാനകരമായ രൂപത്തിൽ, ഇന്ത്യയിലെല്ലാമുണ്ട്. പഞ്ചാബിൽ അതു കുറെക്കൂടി ഉഗ്രരൂപം കൈക്കൊണ്ടിരിക്കുന്നുവെന്നേയുള്ളൂ.

(12 ഏപ്രിൽ, 1985)

# 27. ഇന്ദിരാഗാന്ധി

ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ എണ്ണമറ്റ വിപത്തുകൾ നിറഞ്ഞ പതിനാറു വർഷങ്ങളിൽ പ്രധാനമന്ത്രിയെന്ന നിലയിൽ ഇന്ത്യയിലെ എഴുപതുകോടി ജനങ്ങളുടെ ഭാഗധേയം സമർത്ഥമായി നിയന്ത്രിച്ചുപോന്ന ഇന്ദിരാഗാന്ധിയുടെ ഉജ്ജ്വലവും ഊർജസ്വലവുമായ ജീവിതത്തിന് ഒക്ടോബർ 31–ാം തീയതി രാവിലെ രണ്ടു മതഭ്രാന്തരുടെ വെടിയുണ്ടകൾ വിരാമം കുറിച്ചിരിക്കുന്നു. മഹാത്മാഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും ദാരുണമായ വിപത്താണ് ഈ കൊലപാതകമെന്നതിൽ രണ്ടഭിപ്രായമുണ്ടാവാൻ വഴിയില്ല. ഇന്ദിരാഗാന്ധിയുടെ ജീവൻ അപഹരിച്ച വെടിയുണ്ടകൾ യഥാർത്ഥത്തിൽ ഇന്ത്യൻ ജനതയുടെ ആത്മാവിലാണ് വന്നുതറച്ചിരിക്കുന്നത്. അവ ഉളവാക്കിയ മുറിവുകൾ ഉണങ്ങാൻ വളരെക്കാലം പിടിച്ചേക്കും.

ഇന്ദിരാഗാന്ധിയെ നേരിട്ടു കാണാത്തവരോ, അവരുമായി ബന്ധപ്പെട്ട ഏതെങ്കിലും വൈയക്തികസ്മരണകൾ ഇല്ലാത്തവരോ ഇന്നത്തെ ഇന്ത്യയിൽ കുറവായിരിക്കും. മോത്തീലാൽ നെഹ്റുവിന്റെ പൗത്രിയും ജവാഹർലാൽ നെഹ്റുവിന്റെ പുത്രിയുമായി 1917 നവംബർ 19–ാം തീയതി അലാഹാബാദിലെ 'ആനന്ദഭവന'ത്തിൽ (ഇതു പിന്നീട് 'കോൺഗ്രസ്ഭവനം' ആയി) പിറന്ന ഇന്ദിര വളർന്നത് സ്വാതന്ത്ര്യസമരത്തിൽ അനുഭാവമുള്ള എല്ലാ ഇന്ത്യാക്കാരുടെയും 'പ്രിയദർശിനി'യായിട്ടാണ്. തുടർച്ചയായ ജയിൽവാസം നിമിത്തം നിത്യസമ്പർക്കത്തിലൂടെ ഏകപുത്രിയുടെ സ്വഭാവം രൂപവത്കരിക്കുന്നതിനു കഴിയാതിരുന്ന